# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*130** **06/03/2020- ൽ മറുപടിയ്ക്ക്**

## കീടനാശിനി തളിക്കുന്നതിനായി ഡ്രോണുകളുടെ ഉപയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ.എം.ഉമ്മർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) പാടശേഖരങ്ങളിൽ കീടനാശിനി തളിക്കുന്നതിനായി ഡ്രോണുകൾ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) ഇതിനായി ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം അറിയിക്കാമോ; | (എ) & (ബി) | ഇല്ല. എന്നാൽ സംസ്ഥാന കൃഷി വകുപ്പിലേയും കേരള കാർഷിക സർവ്വകലാശാലയിലേയും വിദഗ്ധർ ഉൾപ്പെടുന്ന ഒരു സംഘം, നെൽപ്പാടങ്ങളിൽ ഡ്രോണുകളുടെ ഉപയോഗത്തെ സംബന്ധിച്ച് പ്രാഥമിക പഠനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് ഒരുതരത്തിലുമുള്ള കീടനാശിനികളും പ്രയോഗിക്കുവാൻ പാടില്ലാത്തതാണ്. |
| (സി) നിരോധിത കീടനാശിനികൾ ഉപയോഗിക്കില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന സർക്കാർ 17 കളനാശിനികൾ/ കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. മാത്രവുമല്ല കീടനാശിനി ഉപയോഗവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം SO 3951(E), തീയതി 08/08/2018 പ്രകാരം 10 കീടനാശിനികൾ കൂടി 2018 ആഗസ്റ്റ് 08 മുതൽ നിരോധിച്ചിട്ടുണ്ട്. 31.12.2020 മുതൽ 5 കീടനാശിനികൾ കൂടി ടി ഗസറ്റ് വിജ്ഞാപന പ്രകാരം നിരോധിച്ചിട്ടുണ്ട്.<br><br>ഇൻസെക്ടിസൈഡ് ആക്ട് 1968 -ൽ സംസ്ഥാന സർക്കാരിന് നിഷ്കർഷിച്ച അധികാര പരിധി ഉപയോഗിച്ച് GO(Rt) No. 121/2019/AGRI,Dated 02/02/2019 പ്രകാരം നിയന്ത്രിത കളനാശിനിയായ ഗ്ലൈഫോസേറ്റ് രണ്ട് മാസത്തേക്ക് നിരോധിച്ചിരുന്നു. തുടർ നടപടികൾക്കായി NCA 3/381/2018 Agri, തീയതി 20/06/2019 പ്രകാരം ഇൻസെക്ടിസൈഡ് ആക്ട് 1968, സെക്ഷൻ 27(1)&(2) ന് വിധേയമായി |

ഗ്ലൈഫോസേറ്റും അതടങ്ങിയിട്ടുള്ള ഉല്പന്നങ്ങളും സംസ്ഥാനത്ത് നിരോധിക്കുന്നതിന് കേന്ദ്ര കൃഷി മന്ത്രാലയത്തിന് ശുപാർശ നൽകിയിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ പരിഗണന യിലാണ്. ഈ കളനാശിനി ഇപ്പോൾ സംസ്ഥാനത്തെ മൊത്ത/ചില്ലറ ലൈസൻസുകളിൽ നിന്നും റദ്ദ് ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിച്ച മാരക കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ഇൻസെക്ടിസൈഡ് ആക്ടിലെ നിലവിലെ നിയമങ്ങളും ചട്ടങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് 2017-18 മുതൽ Enforcement of Quality of seeds, Fertilizers and Pesticides through Quality Control Enforcement Wing എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള കീടനാശിനി ഡിപ്പോകൾ ക്രമമായി സന്ദർശിച്ച് നിയമവിരുദ്ധവും നിരോധിച്ചിട്ടുള്ളതുമായ കീട നാശിനികളുടെ വിതരണവും വില്പനയും നടക്കുന്നില്ല എന്ന് ഉറപ്പാക്കുന്നു. ഇതിനു പുറമെ സംസ്ഥാനത്തിലും മേഖലാ തലത്തിലും ജില്ലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

ഇതു കൂടാതെ നിയന്ത്രിത കീടനാശിനി കളുടെ വില്പന കൃഷി ഓഫീസർമാരുടെ ശുപാർശക്കുറിപ്പോടുകൂടി മാത്രം എന്നത് നിർബന്ധമാക്കി. അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയല്ലാതെ കർഷകർക്കും കർഷക സമിതികൾക്കും കമ്പനികളോ, വിതരണക്കാരോ ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടി സ്വീകരിക്കാൻ എല്ലാ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് . കീടനാശിനികളുടെ അശാസ്ത്രീയമായ ഉപയോഗം ഒഴിവാക്കുന്നതിനും നൂതനകൃഷിമുറകൾ

സംബന്ധിച്ച് കർഷകർക്കും പൊതുജനങ്ങൾക്കുമിടയിൽ വേണ്ടത്ര അവബോധം നൽകുന്നതിനും പഞ്ചായത്ത്, ബ്ലോക്ക് ജില്ലാ തലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. നിരോധിത കീടനാശിനികളുടെ ദോഷവശങ്ങളെക്കുറിച്ച് കീടനാശിനി വില്പനയിൽ ഏർപ്പെട്ടിട്ടുള്ള ഡീലർമാർക്കും ശാസ്ത്രീയമായ കീടനാശിനി ഉപയോഗത്തിൽ കർഷകർക്കും 2019 ജൂലൈ മുതൽ സെപ്റ്റംബർ വരെ എല്ലാ ജില്ലകളിലും കൃഷി ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ജില്ലാതല സെമിനാറുകൾ സംഘടിപ്പിച്ചു. സംസ്ഥാനത്തൊട്ടാകെ കർഷകർ, ഡീലർമാർ, പൊതുജനങ്ങൾ എന്നിവർക്ക് കീടനാശിനി ഉപയോഗക്രമങ്ങളെക്കുറിച്ച് 593 മാസ് അവയർനെസ്സ് പ്രോഗ്രാമുകളും സ്പെഷ്യൽ ക്യാമ്പയിൻ വാരങ്ങളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. അതുപോലെ കീടനാശിനി നിയമം 1968 - നെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ബ്ലോക്ക് തലത്തിൽ 152 വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസർമാരുടെ ശുപാർശയോടെ അംഗീകൃത ഡിപ്പോകളിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനികൾ കൃഷി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും, കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാൻ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കീടനാശിനികളുടെ ഉപയോഗക്രമത്തെക്കുറിച്ചും ഇവയുടെ ദോഷ ഫലങ്ങൾ സംബന്ധിച്ചും കർഷകർക്ക് ബോധവൽക്കരണം തുടർച്ചയായി നൽകി വരുന്നു.

കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക

ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനും, സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും, കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**